## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6618 12.07.2012 ൽ മറുപടിയ്ക്ക്

### ഇരുചക്ര വാഹനങ്ങൾ മാറ്റം വരുത്തി റെയിസിംഗിന് ഉപയോഗിക്കുന്നത് നിയന്ത്രിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ഇരുചക്ര വാഹനങ്ങൾ മാറ്റം വരുത്തി റെയിസിംഗിന് ഉപയോഗിക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) ഇത്തരം പ്രവർത്തികളെ നിരീക്ഷിക്കാനും നിയന്ത്രിക്കുവാനും എന്തെല്ലാം സംവിധാനമാണ് മോട്ടോർ വാഹന വകുപ്പിനുള്ളത്; | (ബി) | ഇത്തരം പ്രവർത്തികളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ആധുനിക സാങ്കേതിക സംവിധാനങ്ങളായ റഡാറുകളും മേഖലാ തലത്തിൽ നൽകിയിട്ടുള്ള സ്പീഡ് ട്രേസറുകളും ഉപയോഗിക്കുന്നുണ്ട്. |
| (സി) ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്? | (സി) | നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി രൂപമാറ്റം വരുത്തി ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടെത്തിയാൽ അവയുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വേഗതാപരിധിയിൽ കൂടുതൽ വേഗത്തിൽ വാഹനം ഓടിക്കുന്നവരെ പിടികൂടി പിഴചുമത്തുകയും ഇത്തരത്തിൽ അപകടം ഉണ്ടാക്കുന്നവരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ